# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1500 03.05.2017- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്ക് സ്വയം തൊഴിൽ വായ്പാ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾ സ്വയം തൊഴിലിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഇല്ല. വിദേശത്ത് നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾ പുനരധിവാസ പദ്ധതിയ്ക്കായി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ അതാത് മാസത്തിൽ തന്നെ ട്രെയിനിംഗിനായി ഉൾപ്പെടുത്തുകയും അതാത് ജില്ലയിൽ വച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്നവരെ സ്ക്രീനിംഗിന് തെരഞ്ഞെടുക്കുകയും ചെയ്തു വരുന്നു. സ്ക്രീനിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന യോഗ്യരായ എല്ലാ അപേക്ഷകരെയും ബാങ്കിലേക്ക് ലോണിനായി ശുപാർശ ചെയ്തു വരുന്നുണ്ട്. |
| ബി) | ഇത്തരം അപേക്ഷകരിൽ അർഹരായ പകുതിപ്പേർക്ക് പോലും വായ്പ ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ; | ബി) | ഉണ്ടായിരുന്നു. പദ്ധതിയിൽ അപേക്ഷിച്ചവരിൽ വിദേശത്തേയ്ക്ക് മടങ്ങിപ്പോയിട്ടുള്ളവരും, വിദേശത്ത് നിന്ന് അപേക്ഷിച്ചവരും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ നോർക്കയുമായി ധാരണ പത്രം ഒപ്പ വച്ചിട്ടുള്ള ബാങ്കുകൾ പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി ബാങ്കുകളുടെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി മാത്രമാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകർ സമർപ്പിക്കുന്ന പദ്ധതികളുടെ financial viability പരിശോധിച്ച് തീരുമാനമെടുക്കാനുള്ള പരമാധികാരം ബാങ്കുകൾക്കാണ് |

എന്നതിനാൽ പല പ്രോജക്ടുകളും സ്വീകരിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

| | | | |
|---|---|---|---|
| സി) | കൂടുതൽ അപേക്ഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുന്ന തരത്തിൽ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രിക്കൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് തിരിച്ചു വരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നല്കി സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാനോ സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

താഴെപ്പറയുന്ന സേവനങ്ങളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ നിർദ്ദേശം നല്കുക.

2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

3.പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.

4. അപേക്ഷകൾക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ നിർദ്ദേശം നല്കുക.

5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം നല്കുക.

വിജയകരമായി നടത്താൻ സാധിക്കുന്ന ഏകദേശം 25-ഓളം മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്ര പരിശീലന പരിപാടിയാണ് നടത്താനുദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ പുനരധിവാസ പദ്ധതിയുടെ സമഗ്രവും കാര്യക്ഷമമവുമായ പ്രവർത്തനത്തിനും കൂടുതൽ ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനും സഹായകരമാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**